(ബി) ഈ സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് വീതമാണ് പ്രവേശനം നൽകുന്നത് ;

(സി) ഈ സ്കൂളുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളുടേയും മുഴുവൻ ചെലവും വഹിക്കുന്നത് കേന്ദ്ര ഗവൺമെന്റാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 13 നവോദയ വിദ്യാലയങ്ങളുണ്ട്.

(ബി) സംസ്ഥാനത്തെ ഓരോ നവോദയ വിദ്യാലയങ്ങളിലും പരമാവധി 80 വിദ്യാർത്ഥികൾക്കാണ് 6-ാം ക്ലാസിൽ പ്രവേശനം നൽകുന്നത്. എന്നാൽ തിരുവനന്തപുരം നവോദയ വിദ്യാലയത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിമൂലം 40 കുട്ടികൾക്ക് മാത്രം പ്രവേശനം നൽകിയാൽ മതിയെന്ന നവോദയ വിദ്യാലയസമിതിയുടെ തീരുമാനമനുസരിച്ച് പ്രവേശനം നൽകുന്ന വിദ്യാർത്ഥികളുടെ എണ്ണം പകുതിയായി കുറച്ചു.

(സി) അതെ.

തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള നവോദയ വിദ്യാലയങ്ങൾ

116 (1426) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എം. മുരളി :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര നവോദയ വിദ്യാലയങ്ങൾ ഉണ്ട് ;

(ബി) നവോദയ വിദ്യാലയങ്ങളിൽ കഴിഞ്ഞ വർഷം എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി ;

(സി) അവിടെ പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത് ;

(ഇ) ഈ വർഷം തിരുവനന്തപുരത്തുള്ള നവോദയ വിദ്യാലയങ്ങളിൽ എത്ര കുട്ടികൾക്ക് പ്രവേശനം നൽകി ;

(എഫ്) ആർക്കും പ്രവേശനം നൽകിയിട്ടില്ലെങ്കിൽ അത് എന്തുകൊണ്ട് എന്ന് പറയുമോ ?

ഉത്തരം

(എ) ഒന്ന്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നാൽപ്പത്.

(സി) ഉണ്ട്.

(ഡി) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ജവഹർ നവോദയ വിദ്യാലയം താൽക്കാലികമായി പേട്ട ഗവൺമെന്റ് സ്കൂളിൽ പ്രവർത്തിക്കുന്നതിനാലും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാലും 40 കുട്ടികൾക്ക് മാത്രം അഡ്മിഷൻ നൽകിയാൽ മതിയെന്ന് നവോദയ വിദ്യാലയ സമിതി തീരുമാനിച്ചു.

(ഇ&എഫ്) ഈ വർഷം നാൽപ്പത് (40) കുട്ടികൾക്ക് താൽക്കാലിക പ്രവേശനം നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിലും ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

117 (1427) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിലും ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ തസ്തിക തിരിച്ചുള്ള എണ്ണം അറിയിക്കാമോ ;

(ബി) ഏതൊക്കെ തസ്തികകളിലേക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട് എന്നറിയിക്കാമോ ;

(സി) ഈ റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) റാങ്ക് ലിസ്റ്റുകൾ നിലവിലില്ലാത്ത തസ്തികകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ)

എച്ച്. എസ്. എ. കണക്ക് (മലയാളം)	-	13
എച്ച്. എസ്. എ. ഫിസിക്കൽ സയൻസ് (മലയാളം)	-	13
എച്ച്. എസ്. എ. നാച്ചറൽ സയൻസ് (മലയാളം)	-	4
എച്ച്. എസ്. എ. സോഷ്യൽ സയൻസ് (മലയാളം)	-	6
എച്ച്. എസ്. എ. (ഇംഗ്ലീഷ്) (മലയാളം)	-	10
എച്ച്. എസ്. എ. കണക്ക് (കന്നഡ)	-	2
എച്ച്. എസ്. എ. ഫിസിക്കൽ സയൻസ് (കന്നഡ)	-	9

LIBRARY ARCHIVES Kerala Legislative Assembly